# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

# നിയമസഭാ നടപടികൾ - സംഗ്രഹം

# (ചോദ്യോത്തരങ്ങൾ ഒഴികെ)

2020 ഫെബ്രുവരി 05, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

ട്രഷറി നിയന്ത്രണം

മി. സ്പീക്കർ: കർശനമായ ട്രഷറി നിയന്ത്രണംമൂലം ത്രിതല പഞ്ചായത്തുകളുടെയും നഗരസഭകളുടെയും പദ്ധതി വിഹിതംപോലും ചെലവാക്കാൻ കഴിയാത്ത സ്ഥിതിവിശേഷംമൂലം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ സ്തംഭിക്കാനിടയായ ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച

ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. സി. ജോസഫ്, എം. ഉമ്മർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ് കുറവാണെന്ന് പറയുന്നത് വസ്തുതാവിരുദ്ധമാണ്. പെന്റിംഗ് ബില്ലുൾപ്പെടെ പദ്ധതിച്ചെലവ് 52 ശതമാനമാണ്. 836 കോടി രൂപയുടെ പെന്റിംഗ് ബില്ലുകൾ കൊടുത്തുതീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 5 ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന ബില്ലുകൾ ഡിസ്കൗണ്ട് ചെയ്യുന്നതിന് സംവിധാനമൊരുക്കുകയും 5 ലക്ഷം രൂപയ്ക്ക് താഴെയുള്ളത് ട്രഷറിയിൽനിന്നും നേരിട്ട് തുകയായി നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. 10 കോടി രൂപയ്ക്ക് മുകളിലുള്ള ബില്ലുകൾ കൊടുത്തുതീർക്കാനുള്ള സംവിധാനം ഒരുക്കുന്നതാണ്. സംസ്ഥാന ഖജനാവിലെ സാമ്പത്തികഞെരുക്കം തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ സർക്കാർ പരമാവധി ശ്രദ്ധിക്കുന്നുണ്ട്.

ശ്രീ. കെ. സി. ജോസഫ്: സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ

പ്രവർത്തനം പൂർണ്ണമായും സ്തംഭനാവസ്ഥയിലാണ്. യാഥാർത്ഥ്യങ്ങൾ മറച്ചുവച്ചുകൊണ്ടുള്ള മന്ത്രിയുടെ മറുപടി സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണ്. ഇന്നത്തെ കണക്കനുസരിച്ച് ആയിരത്തിൽ ചില്വാനം കോടി രൂപയുടെ ബില്ലുകൾ ട്രഷറിയിൽ കെട്ടിക്കിടക്കുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച 7500 കോടി രൂപയിൽ കഴിഞ്ഞ വർഷം ക്യൂവിൽ നിന്ന ബില്ലുകളും സ്പിൽ ഓവർ വർക്കിന്റെ ബില്ലുകളുമുൾപ്പെടെ 3043 കോടി രൂപ മാത്രമാണ് ഇതുവരെ ചെലവഴിക്കാൻ കഴിഞ്ഞത്. ബില്ലുകൾ മാറിനൽകാത്തതിനാൽ വർക്കുകൾ ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകുന്നില്ല. ബഡ്ജറ്റ് അവതരണത്തിനുമുൻപ് പെന്റിംഗ് ബില്ലുകൾ മാറിനൽകാൻ നടപടി സ്വീകരിക്കണം. അനുവദിച്ച പണംപോലും നൽകാത്ത സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സ്തംഭിക്കാനിടയാകുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾ കൊടുത്തുതീർക്കുന്നതിന് ഉത്തരവിറക്കിയിട്ടുണ്ട്. 1500 കോടി രൂപ റോഡ് നിർമ്മാണത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. കഴിഞ്ഞ വർഷത്തേതുപോലുള്ള

പദ്ധതി ചെലവ് ഈ വർഷവുമുണ്ടാകും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

(1) എക്കോ സെൻസിറ്റീവ് ഏരിയ

ശ്രീ. സി. കെ. ശശീന്ദ്രൻ: സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളുടെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള സ്ഥലം എക്കോ സെൻസിറ്റീവ് ഏരിയയാക്കി മാറ്റുന്നുവെന്ന പ്രചരണം കർഷകരിൽ ആശങ്ക സൃഷ്ടിച്ചിരിക്കുന്ന സാഹചര്യത്തിൽ സർക്കാരിന്റെ നയം വ്യക്തമാക്കുന്നതോടൊപ്പം എക്കോ സെൻസിറ്റീവ് ഏരിയയായി പ്രഖ്യാപിക്കപ്പെടുന്ന പ്രദേശങ്ങളിലെ ജനപ്രതിനിധികളുടെ യോഗം വിളിച്ച് ജനങ്ങളുടെ ആശങ്കയകറ്റുന്നതിന് നടപടി

സ്വീകരിക്കണം.

<u>ശ്രീ. സണ്ണി ജോസഫ്</u>: കേരളത്തിൽ വനവിസ്തൃതിയും ജനസാന്ദ്രതയും കൂടുതലുള്ള  സാഹചര്യത്തിൽ എക്കോ സെൻസിറ്റീവ് ഏരിയയുടെ പരിധി വനാതിർത്തിയായി നിശ്ചയിച്ചുകൊണ്ട് കർഷകരുടെ ആശങ്ക ദൂരീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജു</u>): സംരക്ഷിത മേഖലയോട് ചേർന്നുകിടക്കുന്ന മനുഷ്യവാസ കേന്ദ്രങ്ങളുൾപ്പെടെയുള്ള പ്രദേശങ്ങൾക്ക് ചുറ്റും പൂജ്യം മുതൽ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശമാണ് എക്കോ സെൻസിറ്റീവ് സോൺ ആയി പ്രഖ്യാപിക്കുന്നതിന് തത്വത്തിൽ നിശ്ചയിച്ചിട്ടുള്ളത്. 23 സംരക്ഷിത പ്രദേശങ്ങൾക്കുചുറ്റും എക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള കരട് വിജ്ഞാപന നിർദ്ദേശങ്ങൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. എക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതുമൂലം പ്രസ്തുത മേഖലകളിലെ ജനങ്ങളുടെ ഉപജീവനമാർഗ്ഗത്തെ ദോഷകരമായി ബാധിക്കുന്ന  സാഹചര്യമുണ്ടാകില്ല. പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ സംരക്ഷിത മേഖലയോട് ചേർന്നുകിടക്കുന്ന

വനപ്രദേശത്തേയും സർക്കാർ ഭൂമിയെയും സെൻസിറ്റീവ് ഏരിയയായി പ്രഖ്യാപിക്കേണ്ടതുണ്ട്. സെൻസിറ്റീവ് ഏരിയയായി പ്രഖ്യാപിക്കപ്പെടുന്ന മേഖലയിലെ ജനപ്രതിനിധികളുടെ യോഗം വിളിച്ച് ജനങ്ങളുടെ ആശങ്കയകറ്റുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. എക്കോ സെൻസിറ്റീവ് ഏരിയയുടെ പരിധി വനാതിർത്തിയായി നിശ്ചയിക്കണമെന്ന സർക്കാർ നിർദ്ദേശം പുന:പരിശോധിക്കണമെന്ന് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്.

(2) ഡോക്ടർമാരുടെ ഒഴിവുകൾ

ശ്രീമതി ഷാനിമോൾ ഉസ്മാൻ: ആലപ്പുഴ മെഡിക്കൽ കോളേജിൽ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനും ലാബുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും അരൂക്കുറ്റി, തുറവൂർ ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ആലപ്പുഴ മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനും സൂപ്പർസ്പെഷ്യാലിറ്റി

കോഴ്സുകൾക്കുള്ള അംഗീകാരം നേടിയെടുക്കുന്നതിനും കാൻസർ രോഗ വിഭാഗം ആരംഭിക്കുന്നതിനും ബ്ലഡ് ബാങ്കിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും ഒ.പി. വിഭാഗം നവീകരിക്കുന്നതിനും ട്രോമാകെയർ ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. അരൂക്കുറ്റി, തുറവൂർ ആശുപത്രികളുടെ പ്രവർത്തനങ്ങളിൽ ശക്തമായ ഇടപെടൽ നടത്തുന്നുണ്ട്. ജില്ലാ ആശുപത്രികളിൽ കാർഡിയോളജി, നെഫ്രോളജി, ന്യൂറോളജി വിഭാഗങ്ങൾ ആരംഭിക്കുന്നതിനും താലൂക്കാശുപത്രികൾ നവീകരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

## III സബ്മിഷൻ

### (1) കൃഷിനാശം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ചെറുതന, കരുവാറ്റ, കുമാരപുരം പഞ്ചായത്തുകളിലെ പാടശേഖരങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിനും ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുന്നതിനും തയ്യാറാകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): കരുവാറ്റ, ചെറുതന

പഞ്ചായത്തുകളിലെ പാടശേഖരങ്ങളിൽ ഉപ്പുവെള്ളം കയറി കൃഷിനാശമുണ്ടാകുന്നത് തടയുന്നതിന് ചെമ്പുതോട്-കല്ലേലിപ്പടി ഓരുമുട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും ബാക്കി പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതുമാണ്. മേജർ ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള ചെന്നിത്തല, തൃപ്പെരുന്തുറ പഞ്ചായത്തുകളിലെ കാവുംപാട്ട് ബണ്ടും കാർത്തികപ്പള്ളി പഞ്ചായത്തിലെ പുളിക്കീഴിലാറിന് കുറുകെയുള്ള ബണ്ടും പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ഉപ്പുവെള്ള ഭീഷണി പൂർണ്ണമായും ഒഴിവാക്കുന്നതിനായി ഉപ്പുവെള്ളം പമ്പ് ചെയ്ത് നീക്കി ശുദ്ധജലമെത്തിച്ച് കൃഷിനാശം ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാനും പ്രതിപക്ഷനേതാവ്, ബന്ധപ്പെട്ട എം.എൽ.എ.-മാർ, പഞ്ചായത്ത് പ്രസിഡന്റ്, കൃഷി/ജലവിഭവ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവരുൾപ്പെടുന്ന ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) <u>ശറഫുദ്ദീനും നവാസിനും നേരെയുണ്ടായ ആക്രമണം</u>

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: പരപ്പനങ്ങാടിയിൽ ശറഫുദ്ദീൻ, നവാസ് എന്നിവർക്ക് നേരെയുണ്ടായ ആക്രമണത്തിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 02-02-2020-ന് രാത്രി പരപ്പനങ്ങാടി വള്ളിക്കുന്ന് റെയിൽവേ സ്റ്റേഷനടുത്ത് തെങ്ങിൽ കെട്ടിയിട്ട നിലയിൽ കാണപ്പെട്ട ശറഫുദ്ദീൻ, നവാസ് എന്നിവരെ ചികിത്സയ്ക്കായി പോലീസ് തിരൂരങ്ങാടി താലൂക്കാശുപത്രിയിലെത്തിച്ചെങ്കിലും വിദഗ്ദ്ധ ചികിത്സയ്ക്കായി കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യുകയാണുണ്ടായത്. പരിക്കേറ്റ ശറഫുദ്ദീന്റെ മൊഴി രേഖപ്പെടുത്തുകയും ബിജേഷ്, ശ്യാം, പ്രസാദ്, സന്തൂപ് എന്നിവരെയും കണ്ടാലറിയാവുന്ന പതിനൊന്നോളം പേരെയും പ്രതികളാക്കി പരപ്പനങ്ങാടി പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നതും പ്രതികളിൽ ബിജിലാൽ, സബീഷ്, വേണുഗോപാൽ എന്നിവരെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. പ്രത്യേക ഉദ്ദേശ്യത്തോടെയാണോ മർദ്ദിച്ചതെന്ന കാര്യം അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## (3) ഹാൻവീവിലെ സാമ്പത്തിക പ്രതിസന്ധി

ശ്രീ. ജെയിംസ് മാത്യു: ഹാൻവീവിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി

(ശ്രീ. ഇ. പി. ജയരാജൻ): പൊതുമേഖലാ സ്ഥാപനമായ ഹാൻവീവിൽ രണ്ടായിരത്തോളം നെയ്ത്തുകാർ പണിയെടുക്കുന്നുണ്ട്. പ്രസ്തുത മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സമയോചിതമായ ഇടപെടലുകൾ നടത്തുകയും സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം, യുവ വീവ്, വീട്ടിൽ ഒരു തറി, കൈത്തറി സ്വയംതൊഴിൽ, കൈത്തറി സുരക്ഷ എന്നീ പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോമിന്റെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും പദ്ധതി തുടർന്ന് നടത്തിക്കൊണ്ടുപോകുന്നതിനും നബാർഡ് വഴി ഫണ്ട് സമാഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുള്ളതും കൈത്തറിക്ക് മാർക്കറ്റ് സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(4) ഫുട്ബോൾ താരത്തിന്റെ ഭാര്യയ്ക്ക് ജോലി

ശ്രീ. ഷാഫി പറമ്പിൽ: കളിക്കിടെ മരണപ്പെട്ട ഫുട്ബോൾ താരം ആർ. ധനരാജിന്റെ ഭാര്യയ്ക്ക് ജോലി നൽകാനാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ

നിയമനം നൽകുന്ന പദ്ധതിപ്രകാരം സെലക്ട് ലിസ്റ്റിലുൾപ്പെട്ട 16-ാം റാങ്കുകാരനായ ആർ. ധനരാജ് ഫുട്ബോൾ മത്സരത്തിനിടെ മൈതാനത്ത് കുഴഞ്ഞുവീണ് മരണപ്പെട്ടുകയാണുണ്ടായത്. ആ കുടുംബത്തിന്റെ സംരക്ഷണവും ഭാര്യയ്ക്ക് സർക്കാർജോലി നൽകുന്ന കാര്യവും പരിശോധിക്കുന്നതാണ്. സന്തോഷ് ട്രോഫി ഫുട്ബോൾ കളിക്കാർക്കുവേണ്ടി തയ്യാറാക്കിയിട്ടുള്ള ലിസ്റ്റ് സൂപ്പർന്യൂമററി തസ്തികയിലേയ്ക്കായതിനാൽ നിയമനം നൽകാൻ നിയമപരമായ തടസ്സങ്ങളുള്ള സാഹചര്യത്തിൽ ധനരാജിന്റെ ഭാര്യയുടെ അപേക്ഷ പരിശോധിച്ച് സർക്കാർ/അർദ്ധസർക്കാർ സ്ഥാപനത്തിൽ ജോലി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

(5) ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ

ശ്രീ. വി. കെ. സി. മമ്മത് കോയ: 2018-ലെ നെൽവയൽ തണ്ണീർത്തട ഭേദഗതി നിയമ പ്രകാരം 2008-നുമുമ്പ് നികത്തപ്പെട്ട കൃഷി ആവശ്യത്തിന് ഉപയോഗിക്കാൻ കഴിയാത്ത ഭൂമിയുടെ തരംമാറ്റത്തിനുള്ള അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കാൻ സത്വര നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): 2008-നുമുൻപ് നികന്നു കിടക്കുന്നതും ഡാറ്റാബാങ്കിൽ ഉൾപ്പെടാത്തതുമായ

ഭൂമിയിൽ വീട് വയ്ക്കുന്നതിനോ വാണിജ്യാവശ്യങ്ങൾക്കോ മറ്റാവശ്യങ്ങൾക്കോ ഉപയോഗിക്കാനുതകുന്ന തരത്തിൽ സ്വഭാവവ്യതിയാനം വരുത്തുതിനായി നിർണ്ണയിക്കപ്പെട്ട ഫീസ് സഹിതം ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണെന്നും ടി അപേക്ഷകളിന്മേൽ റവന്യൂ ഡിവിഷണൽ ഓഫീസർ/വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് പരിഗണിച്ചശേഷം സമീപത്ത് നെൽവയലുകളുണ്ടെങ്കിൽ ആയതിലേയ്ക്കുള്ള സുഗമമായ നീരൊഴുക്കിനെ തടസ്സപ്പെടുത്തുന്നില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ട് യുക്തമായ ഉത്തരവുകൾ പുറപ്പെടുവിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ജില്ലാ കളക്ടർമാരുടേയും റവന്യൂ ഡിവിഷണൽ ഓഫീസർമാരുടേയും യോഗത്തിൽ ഭൂമി തരംമാറ്റുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കണമെന്നും ഭൂമിയുടെ ന്യായവില സംബന്ധിച്ച തടസ്സവാദങ്ങൾ ഉന്നയിച്ച് തുടർനടപടികൾ സ്വീകരിക്കാതിരിക്കുയോ നിരസിക്കുകയോ ചെയ്യാൻ പാടില്ലാത്തതാണെന്നും അപേക്ഷകൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കാതിരിക്കുന്നത് ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കുമെന്നും നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ

സംസ്ഥാനത്തൊട്ടാകെ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവവ്യതിയാനം വരുത്തുന്നതിനുള്ള അപേക്ഷകളിൽ ത്വരിതഗതിയിലുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(6) ഡയാലിസിസ് യൂണിറ്റ്

ശ്രീ. കെ. ഡി. പ്രസേനൻ: ആലത്തൂർ താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ആലത്തൂർ താലൂക്കാശുപത്രിയിൽ അഞ്ച് ഡയാലിസിസ് മെഷീനുകൾ അടങ്ങുന്ന യൂണിറ്റ് സജ്ജീകരിക്കുന്നതിന് ഭരണാനുമതി നൽകുകയും 2019 ജൂണിൽ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുകയും ജലദൗർലഭ്യം പരിഹരിക്കുന്നതിന് കുഴൽക്കിണർ നിർമ്മിക്കുകയും വൈദ്യുതീകരണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഭാവിയിൽ കൂടുതൽ ഡയാലിസിസ് മെഷീനുകൾ സ്ഥാപിക്കുന്നതിനായി ആർ.ഒ. പ്ലാന്റിൽ മാറ്റം വരുത്താൻ നിർദ്ദേശിക്കുകയും ജനറേറ്റർ ഒഴികെയുള്ള യന്ത്രോപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരെ നിയമിച്ച് പരിശീലനം നൽകുന്നതിനും

അടിസ്ഥാനസൗകര്യ വികസനം നടപ്പാക്കുന്ന മുറയ്ക്ക് ഡയാലിസിസ് യൂണിറ്റ് പ്രവർത്തനയോഗ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

## (7) മുത്തൂറ്റ് ഫിനാൻസിലെ സമരം

ശ്രീ. എം. സ്വരാജ്: മുത്തൂറ്റ് ഫിനാൻസിലെ തൊഴിലാളിസമരം ഒത്തുതീർപ്പാക്കുന്നതിനും അന്യായമായ കൂട്ടപ്പിരിച്ചുവിടൽ പരിശോധിച്ച് പ്രശ്നം പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): മുത്തൂറ്റ് ഫിനാൻസിലെ സമരം ഒത്തുതീർപ്പാക്കുന്നതിന് ഹൈക്കോടതി നിരീക്ഷകന്റെ സാന്നിധ്യത്തിലുണ്ടാക്കിയ കരാർ ലംഘിച്ച് ജീവനക്കാരെ പിരിച്ചുവിടാനും ബ്രാഞ്ചുകൾ അടച്ചുപൂട്ടാനുമുള്ള മാനേജ്മെന്റ് നീക്കത്തിനെതിരെ ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ നിരവധി യോഗങ്ങൾ കൂടിയിട്ടും പ്രശ്നം ഒത്തുതീർപ്പാകാത്ത സാഹചര്യത്തിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും കരാർ വ്യവസ്ഥകൾ ലംഘിച്ച മാനേജ്മെന്റിന്റെ പ്രവൃത്തി നീതിയുക്തമല്ലെന്ന് വിലയിരുത്തുകയും മാനേജിംഗ് ഡയറക്ടർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. പിരിച്ചുവിട്ട ജീവനക്കാരെ ജോലിയിൽ തിരികെ പ്രവേശിപ്പിക്കണമെന്ന് മാനേജ്മെന്റിനെ

അറിയിക്കുകയും ഹൈക്കോടതി മുമ്പാകെ കേസ് പരിഗണിക്കുന്ന സാഹചര്യത്തിൽ മാനേജ്മെന്റിന്റെ തീരുമാനം അറിയിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രശ്നപരിഹാരത്തിന് സർക്കാർ നടത്തുന്ന അനുരഞ്ജനശ്രമങ്ങൾക്ക് സഹകരിക്കാത്തപക്ഷം മാനേജ്മെന്റിനെതിരെ നിയമനടപടി സ്വീകരിക്കുന്നതാണ്.

(8) തൊഴിലാളികളുടെ ആനുകൂല്യങ്ങൾ

ശ്രീ. കെ. എം. ഷാജി: കണ്ണൂർ ജില്ലയിലെ അഗ്രീൻകോ ഫൈബർ ഫോമിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആനുകൂല്യങ്ങൾ പുന:സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): അഗ്രീൻകോ ഫൈബർ ഫോം പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ഭാഗീകമായി ലേ ഓഫ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് തൊഴിലാളികൾ സംയുക്തമായി നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലാ ലേബർ ഓഫീസർ ഒത്തുതീർപ്പ് ചർച്ചകൾ നടത്തിയെങ്കിലും പ്രശ്നപരിഹാരം സാധ്യമായില്ല. ജീവനക്കാർക്ക് നൽകാനുള്ള വേതന കുടിശ്ശിക 15-02-2020-നകം നൽകണമെന്ന കണ്ണൂർ ജില്ലാ ലേബർ ഓഫീസറുടെ നിർദ്ദേശം

മാനേജ്മെന്റ് അംഗീകരിച്ചിട്ടുണ്ട്. കുടിശ്ശിക വിതരണത്തിനുശേഷം ഇരുകക്ഷികളെയും ചർച്ചയ്ക്ക് വിളിക്കുന്നതിനും തൊഴിലാളികളുടെയും മാനേജ്മെന്റിന്റെയും താൽപര്യങ്ങൾ സംരക്ഷിക്കുന്ന വിധത്തിലുള്ള ഇടപെടലുകൾ നടത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

## (9) ഇ.എസ്.ഐ. ആശുപത്രി

ശ്രീ. കെ. വി. വിജയദാസ്: പറളി ഇ.എസ്.ഐ. ആശുപത്രി അടച്ചുപൂട്ടാനുള്ള നീക്കം ഉപേക്ഷിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): പറളി ഇ.എസ്.ഐ. ഡിസ്പെൻസറി പാലക്കാട് ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ ലയിപ്പിക്കുന്നതിനുള്ള ശിപാർശ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. മികച്ച സേവനം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ലയനം ശിപാർശ ചെയ്തിട്ടുള്ളതെങ്കിലും റീജിയണൽ ബോർഡ് മീറ്റിംഗിലെ ചർച്ചയുടെ അടിസ്ഥാനത്തിൽ മാത്രമേ അന്തിമതീരുമാനം കൈക്കൊള്ളുകയുള്ളൂ.

## (10) അദ്ധ്യാപക നിയമനങ്ങളിലെ സംവരണം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ

അദ്ധ്യാപക നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നതിനും യു.ജി.സി. നയം നടപ്പാക്കി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും നടപടി സ്വീകരിക്കണം.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ അദ്ധ്യാപക നിയമനങ്ങളിൽ കെ.എസ്. ആന്റ് എസ്.എസ്.ആർ. പ്രകാരമുള്ള റൊട്ടേഷൻ പാലിച്ചുകൊണ്ടും എല്ലാ ഡിപ്പാർട്ടുമെന്റുകളെയും ഒരു യൂണിറ്റായി കണക്കാക്കിയുമാണ് സംവരണം പാലിക്കുന്നത്. പ്രസ്തുത ചട്ടം 14 മുതൽ 17 വരെ നിഷ്കർഷിച്ചിട്ടുള്ള സംവരണ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടാണ് അദ്ധ്യാപക നിയമനം നടത്തുന്നത്. എല്ലാ സംവരണതത്വങ്ങളും പാലിച്ചുകൊണ്ട് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## IV മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ട് സമർപ്പണം

വന്യജീവി ആവാസ കേന്ദ്രങ്ങളുടെ സമഗ്രവികസനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ പ്രത്യേക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VI ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച:

ശ്രീ. ജോൺ ഫെർണാണ്ടസ്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. എൽ.ഡി.എഫ്. സർക്കാരിന്റെ നാളിതുവരെയുള്ള നേട്ടങ്ങളും ഭാവി കാഴ്ചപ്പാടുകളുമാണ് നയപ്രഖ്യാപന പ്രസംഗത്തിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. സമൂഹത്തിലെ മുഴുവൻ ജനവിഭാഗങ്ങളുടെയും പ്രശ്നങ്ങളോട് പ്രതിബദ്ധതയോടെ ഇടപെടാനും ദുർബല ജനവിഭാഗങ്ങളുടെ സാമൂഹ്യ സുരക്ഷയ്ക്ക് മുൻഗണന നൽകാനും അടിസ്ഥാനസൗകര്യ വികസനത്തിന് ഊന്നൽ നൽകാനും നിക്ഷേപസൗഹൃദ സംസ്ഥാനമാക്കി മാറ്റാനും സർക്കാരിന് സാധിച്ചുവെന്നത് സ്വാഗതാർഹമാണ്. ക്രമസമാധാനവും മതനിരപേക്ഷതയും ഉറപ്പുവരുത്താനുള്ള സർക്കാരിന്റെ ശ്രമങ്ങൾക്കെതിരെ ആരോപണമുന്നയിക്കുന്ന പ്രതിപക്ഷ സമീപനം ദൗർഭാഗ്യകരമാണ്. പൊതുജനങ്ങളുടെ പ്രശ്നങ്ങളോട് പുറംതിരിഞ്ഞ് നിൽക്കുന്ന ഉദ്യോഗസ്ഥസമീപനത്തിൽ മാറ്റം വരുത്താനുള്ള സർക്കാർ

തീരുമാനം സ്വാഗതാർഹമാണ്.

<u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. പൗരത്വ ഭേദഗതി നിയമം പിൻവലിക്കണമെന്നാവശ്യപ്പെട്ട് പ്രമേയം പാസ്സാക്കിയ നിയമസഭയുടെ അധികാരത്തെയും അന്തസ്സിനേയും ചോദ്യം ചെയ്യുന്ന ഗവർണ്ണറുടെ നിലപാട് അപലപനീയമാണ്. സ്ത്രീസുരക്ഷയ്ക്കായി യാതൊരു പദ്ധതിയും നയപ്രഖ്യാപന പ്രസംഗത്തിൽ ഉൾപ്പെടുത്താത്തത് നിരാശാജനകമാണ്. പോക്സോ കേസ്സുകളുടെ ക്രമാതീതമായ വളർച്ചയും സ്ത്രീകൾക്കെതിരെയുള്ള സൈബർ ആക്രമണങ്ങൾ തടയുന്നതിന് അനുവദിച്ച ഫണ്ട് ഫലപ്രദമായി വിനിയോഗിക്കാൻ സാധിക്കാത്തതും സർക്കാരിന്റെ കഴിവുകേടാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വെട്ടിക്കുറച്ച നടപടിയിൽനിന്ന് പിന്മാറണം. പ്രളയാനന്തര പുനർനിർമ്മാണത്തിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക ചെലവഴിക്കാനും സാമൂഹ്യസുരക്ഷാ പദ്ധതികൾ നടപ്പാക്കാനും സാധിക്കാത്തത് പ്രതിഷേധാർഹമാണ്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പ്രളയാനന്തര പുനർനിർമ്മാണത്തിനായി അർഹമായ ധനസഹായം അനുവദിക്കാത്ത കേന്ദ്ര സർക്കാർ സമീപനം അംഗീകരിക്കാൻ കഴിയില്ല. പൊതുവിദ്യാഭ്യാസ-

ആരോഗ്യ മേഖലകളുടെ ഉന്നമനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിയത് ശ്ലാഘനീയമാണ്. കൃഷിപാഠശാലയും ഗോസമൃദ്ധി, ശുചിത്വ നഗരം, വിശപ്പുരഹിത കേരളം, ഇ-റേഷൻ കാർഡ് തുടങ്ങിയ പദ്ധതികളും വരുംവർഷങ്ങളിൽ നടപ്പാക്കുമെന്ന പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക വകുപ്പ്, പോലീസിൽ പ്രത്യേക വനിതാ ബറ്റാലിയൻ, കുടുംബശ്രീ യൂണിറ്റുകളുടെ രൂപീകരണം, തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് 50 ശതമാനം സംവരണം എന്നിവ സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സ്വീകരിച്ച നടപടികളുടെ നേർക്കാഴ്ചകളാണ്. ഗോത്രവർഗ്ഗക്കാരുടെ വംശീയഭക്ഷണ സംസ്കാരം സംരക്ഷിക്കുന്നതിനും പോഷകാഹാര സുരക്ഷ ഉറപ്പു വരുത്തുന്നതിനും പ്രത്യേക പദ്ധതി രൂപീകരിച്ച നടപടി അഭിനന്ദനാർഹമാണ്. പ്രഖ്യാപിച്ച പദ്ധതികൾ ഭൂരിഭാഗവും നടപ്പാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കേരളത്തോടുള്ള കേന്ദ്ര അവഗണനയ്ക്കെതിരെ നിശബ്ദത പാലിക്കുന്ന സമീപനത്തിൽനിന്നും പ്രതിപക്ഷം പിന്മാറണം.

<u>ശ്രീ. പി. ജെ. ജോസഫ്</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഹൈസ്പീഡ്

റെയിൽ കോറിഡോർ പദ്ധതി അഞ്ചു വർഷം കൊണ്ട് നടപ്പാക്കുമെന്ന യാഥാർത്ഥ്യബോധമില്ലാത്ത പ്രഖ്യാപനം സർക്കാർ പിൻവലിക്കണം. കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി പദ്ധതികൾ നടപ്പാക്കാൻ ശ്രമിക്കണം.

ശ്രീ. കെ. യു. ജനീഷ് കുമാർ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാന താല്പര്യത്തിനെതിരായ നിലപാടുകളാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്.

ശ്രീ. ഒ. രാജഗോപാൽ: ഗവർണ്ണറെ നിയമസഭയ്ക്കുള്ളിൽ തടഞ്ഞ നടപടി ലജ്ജാകരമാണ്. പൗരത്വ ഭേദഗതി നിയമത്തെ എതിർക്കുന്നത് ശരിയായ നടപടിയല്ല. പാർട്ടി താല്പര്യത്തിന് മാത്രം മുൻഗണന കൊടുക്കുന്ന സർക്കാർ നിലപാട് തിരുത്തണം.

ചീഫ് വിപ്പ് (ശ്രീ. കെ. രാജൻ): നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സ്വകാര്യവത്കരണത്തിന്റെ പാതയിലേയ്ക്ക് രാജ്യത്തെ കൊണ്ടുപോകാനുള്ള ശ്രമമാണ് കേന്ദ്രസർക്കാർ നടത്തുന്നത്. ജനകീയ ആരോഗ്യ പദ്ധതികളിലൂടെ പകർച്ചവ്യാധികൾ നേരിടുന്നതിനും സാമൂഹ്യക്ഷേമ പെൻഷനുകൾ മുടങ്ങാതെ വിതരണം ചെയ്യുന്നതിനും എല്ലാവർക്കും റേഷൻ കാർഡ് എന്ന പദ്ധതി നടപ്പാക്കുന്നതിനും ഒന്നര ലക്ഷം പേർക്ക് പട്ടയം നൽകുന്നതിനും നടപടി

സ്വീകരിച്ചതിലൂടെ ദുർബല ജനവിഭാഗങ്ങളോട് സർക്കാർ കാണിക്കുന്ന വിധേയത്വമാണ് വെളിവാകുന്നത്. പൗരത്വ ഭേദഗതി നിയമത്തിനെതിരെയുള്ള പ്രതിപക്ഷ നിലപാട് കാപട്യമാണ്. ജനോപകാരപ്രദമായ നടപടികളാണ് നയപ്രഖ്യാപന പ്രസംഗത്തിലുടനീളം കാണാൻ കഴിയുന്നത്.

ഡോ. എം. കെ. മുനീർ: നന്ദിപ്രമേയത്തെ എതിർക്കുന്നു. കേരളത്തിൽ ക്രമസമാധാനനില തകർന്നിരിക്കുകയാണ്. അഴിമതിക്കും സ്വജനപക്ഷപാതത്തിനുമാണ് സർക്കാർ മുൻഗണന നൽകുന്നത്. പ്രഖ്യാപനങ്ങൾ പ്രാവർത്തികമാക്കുന്നതിൽ സർക്കാർ തികഞ്ഞ പരാജയമാണ്.

ശ്രീ. രാജു എബ്രഹാം: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സെമി ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതി അടക്കമുള്ള ജനക്ഷേമ-വികസന പ്രവർത്തനങ്ങളെ എതിർക്കുന്ന സമീപനം പ്രതിപക്ഷം അവസാനിപ്പിക്കണം. കേരള ബാങ്കിന്റെ രൂപീകരണം സ്വാഗതാർഹമാണ്. വിനോദസഞ്ചാരം, പരിസ്ഥിതി തുടങ്ങിയ മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ പ്രശംസനീയമാണ്. ആരോഗ്യ മേഖലയിൽ സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സർക്കാരിന് സാധിച്ചു. സമസ്തമേഖലകളിലും മാതൃകാപരമായ

വികസന പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാനും സമയബന്ധിതമായി റേഷൻ കാർഡുകൾ വിതരണം ചെയ്യാനും സാധിച്ചത് സ്വാഗതാർഹമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): നന്ദിപ്രമേയത്തെ എതിർക്കുന്നു. അഴിമതിയും സ്വജനപക്ഷപാതവും കെടുകാര്യസ്ഥതയും മുഖമുദ്രയാക്കിയ സർക്കാരിന് വൻകിട പദ്ധതികളൊന്നും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ബഡ്ജറ്റിൽ വകയിരുത്തിയ തുക പൂർണ്ണമായും ചെലവാക്കാനോ ഓഖി ദുരന്തത്തിൽപ്പെട്ടവർക്കും മത്സ്യത്തൊഴിലാളികൾക്കും നൽകിയ വാഗ്ദാനങ്ങൾ നടപ്പിലാക്കാനോ സാധിച്ചിട്ടില്ല. തീരദേശ പാക്കേജ് ഉൾപ്പെടെ പ്രഖ്യാപിച്ച പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ലോകബാങ്കിൽനിന്നും ലഭ്യമായ തുക വകമാറ്റി ചെലവഴിച്ച നടപടി സർക്കാരിന്റെ കെടുകാര്യസ്ഥതയാണ് വ്യക്തമാക്കുന്നത്. ധനകാര്യ മാനേജ്മെന്റിലെ പിടിപ്പുകേടും ധൂർത്തുമാണ് സംസ്ഥാനത്തെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിക്ക് കാരണം. പി.എസ്.സി.-യെ നോക്കുകുത്തിയാക്കിക്കൊണ്ട് പിൻവാതിൽ നിയമനങ്ങളും ബന്ധുനിയമനങ്ങളും നടത്താനാണ് സർക്കാർ മുൻതൂക്കം നൽകുന്നത്. സ്ത്രീ സുരക്ഷ ഉൾപ്പെടെ

സംസ്ഥാനത്തെ ക്രമസമാധാനനില ഉറപ്പാക്കുന്നതിൽ സർക്കാർ പൂർണ്ണപരാജയമാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേരള പുനർനിർമ്മാണ പദ്ധതി ലക്ഷ്യംവച്ചാണ് ദുരിതാശ്വാസ നിധിയിൽ ലഭിച്ചിട്ടുള്ള തുക ചെലവഴിക്കുന്നത്. ക്രമാനുഗതമായി മാത്രമേ പുനർനിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുകയുള്ളൂ. ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി 961 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ലൈഫ് പദ്ധതിയിലുൾപ്പെടുത്തി നിരവധി വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിരവധി പദ്ധതികൾക്ക് കിഫ്ബി വഴി അംഗീകാരം നൽകിയിട്ടുണ്ട്. കൊച്ചി പെട്രോ കെമിക്കൽ പാർക്കിന് സ്ഥലം ഏറ്റെടുക്കുന്നതിനായി 977.47 കോടി രൂപയും ദേശീയ പാതാ വികസനത്തിന് ആദ്യ ഗഡുവായി 5374 കോടി രൂപയും നൽകിക്കഴിഞ്ഞു. കേരള നിർമ്മിതി എന്ന പേരിൽ എല്ലാ ജില്ലകളിലും വികസന ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഒന്നാം ലോക കേരളസഭയിലെ സംസ്ഥാന വികസനവുമായി ബന്ധപ്പെട്ട ഭൂരിഭാഗം നിർദ്ദേശങ്ങളും നടപ്പാക്കിയിട്ടുണ്ട്. രണ്ടാം ലോക കേരളസഭയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ ശക്തമായ ഇടപെടൽ നടത്തുന്നുണ്ട്. ലോക കേരളസഭയോടുള്ള പ്രതിപക്ഷനിലപാട് പുനഃപരിശോധിക്കണം. തോട്ടപ്പള്ളി സ്പിൽവേയുടെ വീതി വർദ്ധിപ്പിക്കുന്ന നടപടി സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. സെമി ഹൈ സ്പീഡ് റെയിൽ കോറിഡോർ നടപ്പാക്കുന്നതിന് കേന്ദ്ര റെയിൽവേ മന്ത്രാലയം തത്വത്തിൽ അംഗീകാരം നൽകുകയും ഭൂമി ഏറ്റെടുക്കലിനുള്ള ആകാശ സർവ്വേ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തെ ഇന്ത്യയിലെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിലൊന്നായി മാറ്റുന്നതിന് ഒട്ടേറെ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. 10 കോടി രൂപ വരെ മൂലധനനിക്ഷേപമുള്ള വ്യവസായങ്ങൾക്ക് ആദ്യത്തെ മൂന്ന് വർഷത്തേയ്ക്ക് വ്യവസ്ഥകൾ ലഘൂകരിക്കുകയും സിംഗിൾ വിൻഡോ ക്ലിയറൻസ് യാഥാർത്ഥ്യമാക്കുകയും ചെയ്തു. നോക്കുകൂലി പൂർണ്ണമായും നിർത്തലാക്കാൻ സാധിച്ചു. കെ.എസ്.ഐ.ഡി.സി. നൽകുന്ന വായ്പ 100 കോടി രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പച്ചക്കറി, പഴവർഗ്ഗങ്ങൾ, ധാന്യങ്ങൾ എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും പൊതുജന പങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങൾവഴി പ്രതിവർഷം 1 കോടി തൈകൾ വിതരണം ചെയ്യുന്നതിനും

നടപടി സ്വീകരിക്കുന്നതാണ്. പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കിണറുകളും കുളങ്ങളും നദികളും സംരക്ഷിക്കുന്നതിന് മഴപ്പൊലിമ പദ്ധതി നടപ്പിലാക്കുന്നതിനും മഴവെള്ള സംഭരണ പദ്ധതി വിപുലീകരിക്കുന്നതിനും നടപടിയുണ്ടാകും. പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിന് യുവാക്കളെ ഉൾപ്പെടുത്തി സന്നദ്ധസേവന വിഭാഗം രൂപീകരിക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിന് വാട്ടർഷെഡ് മാനേജ്മെന്റ് നടപ്പിലാക്കുന്നതിനും മുൻകയ്യെടുക്കും. പൗരത്വ ഭേദഗതി നിയമത്തിനെതിരെ അഖിലേന്ത്യാടിസ്ഥാനത്തിൽ പ്രതിഷേധം ശക്തിപ്പെടുത്തുന്നതിനായി വ്യത്യസ്ത നിലപാട് സ്വീകരിക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർക്ക് കത്തയച്ചിട്ടുണ്ട്. ഭരണഘടന സംരക്ഷിക്കുന്നതിനായി സാമൂഹിക-സാംസ്കാരിക പ്രവർത്തകരുൾപ്പെടെയുള്ളവരെ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാനതലത്തിൽ ഒരു സഭ രൂപീകരിക്കണമെന്ന അഭിപ്രായം സ്വാഗതാർഹമാണ്. പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള പരിപാടികളുൾപ്പെടെ ഒട്ടേറെ വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. ഗെയിൽ പൈപ്പ് ലൈനുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പുരോഗമിക്കുകയാണ്.

ദേശീയ ജലപാത ഈ വർഷംതന്നെ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. സുസ്ഥിര വികസന ലക്ഷ്യ സൂചികയിൽ കേരളം ഒന്നാം സ്ഥാനത്താണെന്നുള്ളത് അഭിമാനാർഹമാണ്. സ്വന്തമായി ഭൂമിയില്ലാത്ത ഒരു ലക്ഷത്തിലധികം പേർക്ക് പട്ടയം നൽകുന്നതിനും അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിനും വികസനാവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും നടപടി സ്വീകരിച്ചു. പുതുതായി ആറ് റവന്യൂ ഡിവിഷനുകൾ ആരംഭിക്കുകയും ഐ.ടി. പാർക്കുകളിൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുകയും ബയോടെക്നോളജി അധിഷ്ഠിത വ്യവസായങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുകയും വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുകയും 26 മേഖലകളിൽ മിനിമം വേജസ് പുതുക്കി നിശ്ചയിക്കുകയും ചെയ്തു. പോലീസിൽ ആദിവാസികൾക്കായി പ്രത്യേക ബാച്ച് രൂപീകരിക്കുകയും വനിതാ ബറ്റാലിയൻ സ്ഥാപിക്കുകയും ഓഖി ദുരന്ത പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ 200 പേർക്ക് തീരദേശ മേഖലയിൽ ജോലി നൽകുകയും ഫയർ സർവ്വീസിൽ 100 ഫയർ വുമൺ തസ്തികകൾ സൃഷ്ടിക്കുകയും ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ച് മുടക്കം കൂടാതെ നൽകുകയും സൈബർ തട്ടിപ്പിനെതിരെ കർശന നടപടി

സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അവഗണനയ്ക്കിടയിലും പ്രകൃതി ദുരന്തങ്ങൾ മുതൽ പകർച്ചവ്യാധി വരെ നിശ്ചയദാർഢ്യത്തോടെ മറികടന്ന് ലോകത്തിന്റെ ആദരം പിടിച്ചുപറ്റാൻ കേരളത്തിന് സാധിച്ചുവെന്നുള്ളത് ശ്രദ്ധേയമാണ്.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 1, 2 എന്നീ നമ്പർ ഭേദഗതികൾ 38-നെതിരെ 76 വോട്ടുകളോടെയും മറ്റ് ഭേദഗതികളും സഭ നിരാകരിച്ചു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയം 40-നെതിരെ 76 വോട്ടുകളോടെ സഭ അംഗീകരിച്ചു.

സഭ വൈകുന്നേരം 3.54-ന് പിരിഞ്ഞു.